പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2394 **27-10-2026-ൽ മറുപടിയ്ക്ക്**

മഞ്ചേശ്വരം മണ്ഡലത്തിലെ കെ.എസ്.ഇ.ബി. വികസന പ്രവർത്തികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എ. കെ. എം. അഷ്റഫ്

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ കെ.എസ്.ഇ.ബി./വൈദ്യുതി വകുപ്പിന്റെ കീഴിൽ നിലവിൽ നടന്നു വരുന്നതും നിർദ്ദിഷ്ട ഘട്ടങ്ങളിലുള്ളതുമായ പദ്ധതികളുടെയും വികസന പ്രവൃത്തികളുടെയും വിശദവിവരങ്ങളും പുരോഗതിയും സെക്ഷൻ തിരിച്ച് ലഭ്യമാക്കുമോ;

മറുപടി: മഞ്ചേശ്വരം മണ്ഡലത്തിൽ വൈദ്യുതി വികസനത്തിനായി കാസർഗോഡ് സ്പെഷ്യൽ പാക്കേജിന്റെ ഭാഗമായി RDSS, ദ്യുതി തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

സെക്ഷൻ /വർഷം	പ്രവൃത്തികൾ	തുക (രൂപ)
ഉപ്പള		
2025-26	26	22593456.51
2026-27	32	56857498.1
മഞ്ചേശ്വരം		
2025-26	11	21778087.32
2026-27	29	31424731.46
വോർക്കാടി		
2025-26	11	15510552.15
2026-27	58	23681005.21
കുമ്പള		
2024-25	3	4801186.09
2025-26	20	13642982.24
2026-27	13	13753438.95
പൈവളിക		
2025-26	13	19182085.3
2026-27	25	39712570.44
പെർള		

2024-25	2	6742391.09
2025-26	28	508833124.92
2026-27	42	42478719.24
സീതാംഗോളി		
2025-26	18	14219101.05
2026-27	35	17488555.82

(ബി) പ്രസ്തുത മണ്ഡലത്തിൽ കെ.എസ്.ഇ.ബി.യുടെ ഏതെങ്കിലും പ്രവൃത്തികൾ തടസ്സപ്പെടുകയോ മുടങ്ങിപ്പോവുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പ്രവൃത്തികളാണ് മുടങ്ങിയിട്ടുള്ളതെന്നും അതിനുള്ള വ്യക്തമായ കാരണങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

മറുപടി: 394.5 കോടി രൂപയുടെ കാസർഗോഡ് ദ്യുതി സ്പെഷ്യൽ പാക്കേജ് പദ്ധതികൾ ബോർഡിന്റെ പരിഗണനയിൽ ആയതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മറ്റെല്ലാ പ്രവൃത്തികളും സമയബന്ധിതമായി നടപ്പിലാക്കിവരുന്നു.

(സി) മണ്ഡലത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്താനും ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കാനും നിലവിൽ നടന്നുകൊണ്ടിരിക്കുന്നതും മുടങ്ങിപ്പോയതുമായ ഓരോ പ്രവൃത്തികളും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

മറുപടി: മണ്ഡലത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്താനും ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കാനുമുള്ള പദ്ധതികളിൽ ദ്യുതി - 2.0 പദ്ധതിയിലെ 2024-25, 2025-26, 2026-27 വർഷത്തെ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

(ഡി) പ്രസ്തുത പ്രവൃത്തികളെല്ലാം തന്നെ സമയബന്ധിതമായി പൂർത്തീകരിച്ച് ജനങ്ങൾക്ക് ലഭ്യമാക്കാൻ എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

മറുപടി: സ്പെഷ്യൽ പാക്കേജ് പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുമതികൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികളും, മറ്റ് പ്രവൃത്തികൾക്ക് ആവശ്യമായ സാമഗ്രികൾ ലഭ്യമാക്കുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ